**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1710** **29-09-2025 - ൽ മറുപടിയ്ക്ക്**

**കൂൺഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കൂൺഗ്രാമം പദ്ധതിയെപ്പറ്റി വിശദീകരിക്കാമോ; ഏതൊക്കെ നിയോജക മണ്ഡലത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്; വ്യക്തമാക്കാമോ? | (എ) | സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള മുഖാന്തിരം രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടെ സമഗ്രകൂൺ ഗ്രാമം പദ്ധതി (Comprehensive programme for Development of Mushroom Villages in Kerala) പദ്ധതി നടപ്പിലാക്കിവരുന്നു.<br><br>100 ചെറുകിട കൂൺ ഉത്പാദന യൂണിറ്റുകളും 2 വൻകിട കൂൺ ഉത്പാദന യൂണിറ്റുകളും 1 കൂൺ വിത്തുൽപ്പാദന യൂണിറ്റും 3 കൂൺ സംസ്കരണ യൂണിറ്റുകളും 2 പായ്ക്ക് ഹൗസുകളും 10 കമ്പോസ്റ്റ് ഉൽപ്പാദന യൂണിറ്റുകളും ചേർന്നതാണ് ഒരു സമഗ്ര കൂൺ ഗ്രാമം.<br><br>ചെറുകിട കൂൺ ഉത്പാദന യൂണിറ്റിന് പതിനൊന്നായിരത്തിഇരുനൂറ്റിയമ്പത് രൂപയും, വൻകിട കൂൺ ഉല്പാദന യൂണിറ്റിന് രണ്ട് ലക്ഷം രൂപയും, കൂൺ വിത്തുല്പാദന യൂണിറ്റിന് (സ്പോൺ) രണ്ടുലക്ഷം രൂപയും, കമ്പോസ്റ്റ് യൂണിറ്റിന് അൻപതിനായിരം രൂപയും, പാക്ക്ഹൗസിനു രണ്ടു ലക്ഷം രൂപയും പ്രിസർവെഷൻ യൂണിറ്റിന് ഒരു ലക്ഷം രൂപയും പരിശീലന പരിപാടികൾക്കായി ഒരു ലക്ഷം രൂപയും ഉൾപ്പെടെ ഒരു കൂൺ ഗ്രാമത്തിനായി 30.25 ലക്ഷം രൂപയുടെ ധനസഹായമാണ് ലഭ്യമാക്കുന്നത്.<br><br>സംസ്ഥാനത്ത് 100 നിയോജക മണ്ഡലങ്ങളിലെ തിരഞ്ഞെടുത്ത കാർഷിക ബ്ലോക്കുകളിൽ ഘട്ടം ഘട്ടമായി പദ്ധതി നടപ്പിലാക്കുവാനാണ് ലക്ഷ്യമിടുന്നത് (വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു).<br><br>ആദ്യ ഘട്ടത്തിൽ ഇരുപതു കൂൺഗ്രാമങ്ങളും രണ്ടാം ഘട്ടത്തിൽ അൻപത്കൂൺ ഗ്രാമങ്ങളും ശേഷിക്കുന്നവ മൂന്നാം ഘട്ടത്തിലുമായാണ് നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

**ഒന്നാം ഘട്ട (2024-25, 2025-26) ക്ലബ്ബ്ഗ്രാമം പദ്ധതി നടപ്പിലാക്കിയ നിയോജക മണ്ഡലങ്ങളുടെ വിശദാംശങ്ങൾ:**

- തിരുവനന്തപുരം : നെടുമങ്ങാട്
- *കൊല്ലം* : *കൊട്ടാരക്കര,* പുനലൂർ
- ആലപ്പുഴ : ചേർത്തല, ചെങ്ങന്നൂർ
- പത്തനംതിട്ട : റാന്നി
- ഇടുക്കി : തൊടുപുഴ
- കോട്ടയം : കടുത്തുരുത്തി
- എറണാകുളം : പറവൂർ, ആലുവ
- തൃശ്ശൂർ : ഒല്ലൂർ , കൈപ്പമംഗലം
- കോഴിക്കോട് : എലത്തൂർ, നാദാപുരം
- പാലക്കാട് : തൃത്താല
- മലപ്പുറം : വള്ളിക്കുന്ന്
- വയനാട് : മാനന്തവാടി
- കണ്ണൂർ : തലശേരി, പേരാവൂർ
- കാസർകോട് : കാഞ്ഞങ്ങാട്

**രണ്ടാം ഘട്ട (2025-26) ക്ലബ്ബ്ഗ്രാമ പദ്ധതി നടപ്പിലാക്കി വരുന്ന നിയോജക മണ്ഡലങ്ങളുടെ വിശദാംശങ്ങൾ:**

- തിരുവനന്തപുരം : ആറ്റിങ്ങൽ , ചിറയൻകീഴ് , നേമം , കഴക്കൂട്ടം
- *കൊല്ലം* : ചാത്തന്നൂർ, പത്തനാപുരം , ചടയമംഗലം
- ആലപ്പുഴ : ഹരിപ്പാട്, ആലപ്പുഴ, മാവേലിക്കര, അമ്പലപ്പുഴ
- പത്തനംതിട്ട : അടൂർ
- ഇടുക്കി : പീരുമേട്, ഇടുക്കി
- കോട്ടയം : വൈക്കം , ചെങ്ങനാശ്ശേരി , ഏറ്റുമാനൂർ, കോട്ടയം
- എറണാകുളം : അങ്കമാലി, കോതമംഗലം , കളമശ്ശേരി
- തൃശ്ശൂർ : കൊടുങ്ങല്ലൂർ, നാട്ടിക , തൃശ്ശൂർ , മണലൂർ , ഇരിങ്ങാലക്കട , വടക്കാഞ്ചേരി
- കോഴിക്കോട് : കോഴിക്കോട് സൗത്ത്, പേരാമ്പ്ര, കൊടുവള്ളി , ബേപ്പൂർ , തിരുവമ്പാടി
- പാലക്കാട് : ചിറ്റൂർ, ആലത്തൂർ , നെന്മാറ, പട്ടാമ്പി, മലമ്പുഴ
- മലപ്പുറം : മങ്കട, വേങ്ങര, തവനൂർ , വണ്ടൂർ, താനൂർ
- വയനാട് : കൽപ്പറ്റ
- കണ്ണൂർ : ധർമ്മടം , തളിപറമ്പ് , പയ്യന്നൂർ , കല്യാശ്ശേരി , ഇരിക്കൂർ
- കാസർകോട് : തൃക്കരിപ്പൂർ കാസർകോഡ്

തുടർ ഘട്ടത്തിൽ ശേഷിക്കുന്ന ക്ലബ്ബ് ഗ്രാമങ്ങളും സ്ഥാപിതമാകുന്നതാണ്.